കൃഷി നശിച്ച കർഷകർക്ക് ആനുകൂല്യങ്ങൾ

144.. [198] ശ്രീ. വി. വി. ജോസഫ് :
,, പി. സി. ജോർജ് :
,, വി. സുരേന്ദ്രൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ വെള്ളപ്പൊക്കത്തിൽ കൃഷി നശിച്ച കൃഷിക്കാർക്ക് സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകി ;

(ബി) ഓരോ ജില്ലയിലും ഇതിനുവേണ്ടി ചിലവഴിച്ച തുക എത്ര ?

ഉത്തരം

(എ) കുട്ടനാട് പ്രദേശങ്ങളിൽ ഹെക്ടർ ഒന്നിന് 100 കിലോ വീതവും മറ്റു പ്രദേശങ്ങളിൽ ഹെക്ടർ ഒന്നിന് 80 കിലോ വീതവും വിത്ത് സൗജന്യമായി നെൽകൃഷിക്കാർക്ക് നൽകി. കൂടാതെ രാസവളത്തിനുള്ള വിലയുടെ 25 ശതമാനം സബ്സിഡി അനുവദിച്ചു മറ്റു വിളകൾക്ക് നൽകിയ നാശനഷ്ട സഹായം താഴെ കൊടുക്കുന്നു.

തെങ്ങ്	—	നശിച്ചുപോയ തെങ്ങൊന്നിന് 50 രൂപാ മുതൽ 150 രൂപാ വരെ.
വാഴ	—	കുലയ്ക്കാത്ത വാഴയ്ക്ക് 7.50 രൂപ. കുലച്ച വാഴയ്ക്ക് 12.50 രൂപ.
മരച്ചീനി	—	ഹെക്ടറിന് 250 രൂപ.
കമുക്	—	മരമൊന്നിന് 25 രൂപ.
കൊക്കോ	—	മരമൊന്നിന് 15 രൂപ.
കുരുമുളക്	—	വള്ളി ഒന്നിന് 7 രൂപ.
ഇഞ്ചി	—	ഹെക്ടറിന് 500 രൂപ.
കശുമാവ്	—	മരമൊന്നിന് 25 രൂപ.
കാപ്പി	—	മരമൊന്നിന് 15 രൂപ.
റബ്ബർ	—	മരമൊന്നിന് 40 രൂപ.
നിലക്കടല	—	ഹെക്ടറിന് 500 രൂപ.

(ബി)

ജില്ല	ചിലവഴിച്ച തുക
തിരുവനന്തപുരം	1479179.00
കൊല്ലം	1191559.00
പത്തനംതിട്ട	2789883.00
കോട്ടയം	7448450.00
ആലപ്പുഴ	15333057.00
ഇടുക്കി	3060447.00
എറണാകുളം	6162130.00
തൃശ്ശൂർ	6820226.00
പാലക്കാട്	1176245.00
മലപ്പുറം	1520440.00
വയനാട്	469970.00
കോഴിക്കോട്	1603245.00
കണ്ണൂർ	1127546.00
കാസർഗോഡ്	1093164.00
ആകെ	51275541.00

LIBRARY ARCHIVES Kerala Legislative Assembly